കേരള സർക്കാർ

<u>സംഗ്രഹം</u>

ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ് - കേരള സംസ്ഥാന ഭൂവിനിയോഗ ബോർഡിലെ പൗരാവകാശ രേഖ - അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ആസൂത്രണ സാമ്പത്തിക കാര്യ (ബി) വകുപ്പ്

സ.ഉ.(കൈയ്യെഴുത്ത്)നം: 23/2010/പ്ലാനിംഗ്. തീയതി, തിരുവനന്തപുരം,13-04-2010.

---

പരാമർശം :- 1. ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ 21-12-1999-ലെ ജി.ഒ.(എം.എസ്)നം.30/99/പി&എആർഡി നമ്പർ ഉത്തരവ്.

2. ലാന്റ് യൂസ് കമ്മീഷണറുടെ 19-09-2009, 11-11-2009 എന്നീ തീയതികളിലെ ഇ-412/2008/എൽയുബി നമ്പർ കത്തുകൾ.

<u>ഉത്തരവ്</u>

പരാമർശം 1-ലെ ഉത്തരവ് പ്രകാരം, വിവിധ സർക്കാർ വകുപ്പുകളിലെ പൗരാവകാശ രേഖ പ്രസിദ്ധീകരിക്കുന്നത് സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് പുറപ്പെടുവിച്ചിരുന്നു.

2) കേരള സംസ്ഥാന ഭൂവിനിയോഗ ബോർഡിന്റെ പ്രവർത്തനങ്ങൾ കൂടുതൽ സുതാര്യവും കാര്യക്ഷമവും ആക്കുന്നതിനായി, ആ വകുപ്പിന്റെ പൗരാവകാശ രേഖ അംഗീകരിച്ച് പ്രസിദ്ധീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുവാൻ, ഭൂവിനിയോഗ കമ്മീഷണർ പരാമർശം 2-ലെ കത്തുകൾ മുഖേന അഭ്യർത്ഥിക്കുകയുണ്ടായി.

3) രണ്ടാമതു സൂചന പ്രകാരം ഭൂവിനിയോഗ കമ്മീഷണർ തയ്യാറാക്കി നൽകിയ കരട് പൗരാവകാശ രേഖ അനുബന്ധമായി നൽകിയിട്ടുള്ളത് സർക്കാർ സമഗ്രമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ അതേപടി അംഗീകരിച്ച്, ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

**(ആർ.കൃഷ്ണകുമാർ)**

അഡിഷണൽ സെക്രട്ടറി.

1. ലാന്റ് യൂസ് കമ്മീഷണർ, കേരള സംസ്ഥാന ഭൂവിനിയോഗ ബോർഡ്, തിരുവനന്തപുരം.
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
3. അക്കൗണ്ടന്റ് ജനറൽ ( എ ആന്റ് ഇ ), കേരളം, തിരുവനന്തപുരം.
4. ഉദ്യോഗസ്ഥ-ഭരണ പരിഷ്കാര (എ.ആർ 10) വകുപ്പ്
5. ഡയറക്ടർ, IMG, തിരുവനന്തപുരം.
6. കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.